(ബി) യും (സി) യും അബ്കാരി മേഖലകളും റേഞ്ച് അടിസ്ഥാനത്തിലാണ് തിരിച്ചിട്ടുള്ളതെന്നതിനാൽ താലൂക്കുലെവലിലുള്ള വിവരങ്ങൾ ലഭ്യമല്ല.

(ഡി) യും (ഇ) യും വിവരങ്ങൾ ശേഖരിച്ചു നൽകാം.

(എഫ്) ഇതു സംബന്ധിച്ച് ചില പരാതികളും ലഭിച്ചിട്ടുണ്ട്.

ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്ന് സർക്കാർ കടം എടുത്ത തുക

52 [2244] ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
,, പി. എം. അബൂബക്കർ:
,, പി. സീതി ഹാജി:
,, കെ. മൊയ്തീൻകുട്ടി ഹാജി:
,, കൊരമ്പയിൽ അഹമ്മദ് ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്ന് സർക്കാർ കടം എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ 1-1-1991-ൽ എത്ര രൂപ തിരിച്ചു കൊടുക്കാനുണ്ട്;

(സി) മറ്റെന്തെങ്കിലും സ്ഥാപനങ്ങൾ എടുത്ത കടം തിരിച്ചു നൽകുവാൻ ബാക്കി ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ 1-1-1991-ൽ എത്ര;

(ഇ) എന്തു പലിശ നിരക്കിലാണ് കടം കൊടുക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 44,49,38,111.11 രൂപ.

(സി) ഉണ്ട്.

(ഡി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഫിലിം ഡവലപ്പ്മെൻറ് കോർപ്പറേഷൻ, ട്രാവൻകൂർ റയോൺസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കായി നൽകിയിട്ടുള്ള വായ്പ തുകയിൽ 1-1-1991-ൽ മുതൽ ഇനത്തിൽ ആകെ 202.15 ലക്ഷം രൂപയും പലിശയും പിഴ പലിശയുമായി 213.65 ലക്ഷം രൂപയും തിരികെ ലഭിക്കാനുണ്ട്.

(ഇ) ബാങ്കു ഡിപ്പോസിറ്റിൻമേൽ അതതു കാലത്തു ബോർഡിനു ലഭിക്കുന്ന പലിശ കണക്കാക്കി പല സ്ഥാപനങ്ങൾക്കും പല നിരക്കിലുള്ള പലിശക്കാണ് കടം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly